ഉത്തരം

(എ) കേരളത്തിൽ 17 എയ്ഡഡ് ബി. എഡ്. കോളേജുകൾ നിലവിലുണ്ട്.

(ബി) & (സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ഡി) കേരളത്തിൽ കൂടുതൽ ബി. എഡ്. കോളേജുകൾ തുടങ്ങേണ്ടതുണ്ടോ എന്ന കാര്യത്തിൽ പഠനം നടത്തുന്നതിന് ഒരു വിദഗ്ദ്ധ കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഈ കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിച്ചാൽ മാത്രമേ ഇക്കാര്യത്തിൽ തീരുമാനമെടുക്കാനാവുകയുള്ളു.

എഫ്. ഐ. പി. സബ്സ്റ്റിറ്റ്യൂട്ട്സ് ആയി സേവനം അനുഷ്ഠിച്ചുവരുന്ന ലക്ചറർമാർ

97 [3080] *ശ്രീ. തോമസ് ഉണ്ണിയാടൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ കോളേജുകളിൽ എഫ്. ഐ. പി. സബ്സ്റ്റിറ്റ്യൂട്ട്സ് ആയി സേവനം അനുഷ്ഠിച്ചുവരുന്ന ലക്ചറർമാർക്ക് മതിയായ ആനുകൂല്യം നൽകുന്ന കാര്യത്തിൽ ബന്ധപ്പെട്ടവർ വീഴ്ചവരുത്തുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) യു. ജി. സി.യുടെ നിബന്ധനകൾക്കനുസൃതമായി സേവനമനുഷ്ഠിക്കുന്ന ഇവരെ വെക്കേഷൻകാലത്ത് പിരിച്ചുവിടുന്നത് അവസാനിപ്പിക്കുവാനും ഇവർക്ക് കൃത്യമായി ശമ്പളം നൽകുവാനും അടിയന്തിരനടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വീഴ്ചവരുത്തുന്നില്ല. എന്നാൽ ചില സാങ്കേതിക കാരണങ്ങൾമൂലം കാലതാമസം ഉണ്ടാകാറുണ്ട്.

(ബി) എഫ്. ഐ. പി. സബ്സ്റ്റിറ്റ്യൂട്ട് ലക്ചറർ ആയി നിയമിക്കുന്നവർക്ക് വെക്കേഷൻ കാലഘട്ടത്തിൽ ജോലി ഇല്ലാത്തതിനാൽ നിലവിൽ ശമ്പളം നൽകുന്നില്ല. എന്നാൽ വെക്കേഷൻ കാലഘട്ടത്തിൽ സബ്സ്റ്റിറ്റ്യൂട്ട് ശമ്പളം നൽകുന്നതു സംബന്ധിച്ച് യു.ജി.സി.യുമായി ആലോചിച്ചുവരുന്നു.

ന്യൂനപക്ഷ വിദ്യാഭ്യാസസ്ഥാപനം എന്ന പദവി

98 [3081] *ശ്രീ. എ. എ. അസീസ്:*

,, കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്തെ ഏതെങ്കിലും എഞ്ചിനീയറിംഗ് കോളേജിന് ന്യൂനപക്ഷ വിദ്യാഭ്യാസസ്ഥാപനം എന്ന പദവി നൽകിക്കൊണ്ട് ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഈ പദവി നൽകുന്നതിന് ഗവൺമെന്റ് സ്വീകരിച്ച മാനദണ്ഡം എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) ന്യൂനപക്ഷ വിദ്യാഭ്യാസസ്ഥാപനം എന്നതിനെക്കുറിച്ച് സുപ്രീംകോടതി സംസ്ഥാന ഗവൺമെന്റിന്റെ അഭിപ്രായം ആരാഞ്ഞിട്ടുണ്ടോ;

(ഡി) എങ്കിൽ ഗവൺമെന്റ് സുപ്രീംകോടതിയെ ഇതുസംബന്ധിച്ച് എന്താണ് അറിയിച്ചത്; വിശദവിവരം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 7-10-1994-ലെ ജി. ഒ. (എംഎസ്.) 138/94/ഹയർ എഡ്യൂക്കേഷൻ നമ്പർ ഉത്തരവുപ്രകാരം കുറ്റിപ്പുറത്തുള്ള എം. ഇ. എസ്. കോളേജ് ഓഫ് എഞ്ചിനീയറിംഗിന് ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനം എന്ന പദവി നൽകിയിട്ടുണ്ട്.

(ബി) സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ടിന്റെ കീഴിൽ രജിസ്റ്റർ ചെയ്ത ഒരു സൊസൈറ്റിയാണ് മുസ്ലീം എഡ്യൂക്കേഷണൽ സൊസൈറ്റി. ഈ സൊസൈറ്റിയുടെ നിയമാവലിപ്രകാരം ന്യൂനപക്ഷ മതവിഭാഗമായ മുസ്ലീം സമുദായത്താൽ സ്ഥാപിതമായതും ഭരിക്കപ്പെടുന്നതുമാകയാൽ പ്രസ്തുത സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ ആരംഭിച്ച എം. ഇ. എസ്. കോളേജ് ഓഫ് എഞ്ചിനീയറിംഗിന് ഭരണഘടനയുടെ വ്യവസ്ഥകൾക്ക് അനുസൃതമായി, ന്യൂനപക്ഷ പദവിക്ക് അർഹതയുണ്ടെന്ന് കണ്ടെത്തുകയും, ഇക്കാര്യത്തിൽ നിയമവകുപ്പിന്റെ ഉപദേശം തേടുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ, പ്രസ്തുത എഞ്ചിനീയറിംഗ് കേളേജിന് ഭരണഘടനയുടെ 30(1) വകുപ്പിന്റെ വ്യവസ്ഥകൾക്ക് അനുസൃതമായി ന്യൂനപക്ഷ പദവിക്ക് അർഹതയുണ്ടെന്ന് വ്യക്തമായതിനാലുമാണ് ഈ പദവി നൽകിയത്.

(സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

യു. ഡി. എഫ്. സർക്കാർ അനുവദിച്ച വിദ്യാഭ്യാസ സ്ഥാപനങ്ങൾ

99 [3082] *ശ്രീ. എം. വി. ജയരാജൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly